# Visit of Minister of State for External Affairs and Parliamentary Affairs to Oman (December 16-17, 2020)

December 15, 2020

---

## വിദേശകാര്യ, പാർലിമെന്ററി കാര്യ സഹമന്ത്രിയുടെ ഒമാൻ സന്ദർശനം (ഡിസംബർ 16-17, 2020)

ഡിസംബർ 15, 2020

വിദേശകാര്യ, പാർലിമെന്ററി കാര്യ സഹമന്ത്രിയായ ശ്രീ.വി മുരളീധരൻ 2020 ഡിസംബർ 16-17 തിയ്യതികളിൽ ഒമാനിലേക്ക് ഔദ്യോഗിക സന്ദർശനം നടത്തുന്നതായിരിക്കും. വിദേശകാര്യവകുപ്പ് സഹമന്ത്രി എന്ന നിലയിൽ അദ്ദേഹത്തിൻറെ ആദ്യ ഒമാൻ സന്ദർശനമാണിത്.സന്ദർശനത്തിനിടയിൽ ഒമാനിലെ വിദേശകാര്യമന്ത്രി, തൊഴിൽ വകുപ്പ് മന്ത്രി, മറ്റു മന്ത്രിമാർ എന്നിവരെയും അദ്ദേഹം സന്ദർശിക്കും. ഇന്ത്യൻ സമൂഹവുമായും പുതുതായി രൂപം നൽകിയ ഇന്ത്യ-ഒമാൻ ഫ്രണ്ട്ഷിപ്പ് അസോസിയേഷനുമായും അദ്ദേഹം സംവദിക്കുന്നതായിരിക്കും. ഇന്ത്യൻ സോഷ്യൽ ക്ലബ് പ്രതിനിധികൾ, സാമൂഹിക പ്രവർത്തകർ, ആരോഗ്യ വിദ്യാഭ്യാസ ഉദ്യോഗസ്ഥർ കൂടാതെ യോഗ സംഘടനകൾ എന്നിവരെയും അദ്ദേഹം സന്ദർശിക്കുന്നതാണ്.

സന്ദർശനത്തിൽ വിവിധ ഉഭയകക്ഷി പ്രശ്നങ്ങൾ, അന്തര്ദേശീയവും പ്രാദേശികവുമായ പ്രശ്നങ്ങൾ എന്നിങ്ങനെ ഇരുകൂട്ടർക്കും തലപര്യമുള്ള വിഷയങ്ങളിൽ അദ്ദേഹം സംസാരിക്കുന്നതായിരിക്കും. ഇന്ത്യൻ സമൂഹത്തിന്റെ പ്രശ്നങ്ങളെ അദ്ദേഹം പ്രത്യേകമായി പരിഗണിക്കുന്നതായിരിക്കും.ഒമാനിൽ 600,000 ഇന്ത്യക്കാരാണുള്ളത്.കോവിഡ്-19 പകർച്ചവ്യാധിയോടനുബന്ധിച്ച് ഇന്ത്യക്കാരെ ഒമാനിൽ നിന്നും തിരികെ എത്തിക്കുന്നതിന് വന്ദേ ഭാരത് മിഷന് കീഴിൽ ഇരു രാജ്യങ്ങളും ഒരുമിച്ച് പ്രവർത്തിച്ചിരുന്നു. ഭക്ഷണത്തിനും മറ്റ് അവശ്യവസ്തുക്കൾക്കുമുള്ള വിതരണ ശൃംഖലയുടെ സുഗമമായ പ്രവർത്തനവും ആരോഗ്യ വിദഗ്ധർക്ക് ഒമാനിലേക്ക് മടങ്ങുന്നതിനായുള്ള സഹായവും ഇന്ത്യ ഉറപ്പുവരുത്തി.എയർ ബബിൾ ഉടമ്പടിപ്രകാരമായിരുന്നു ഇരു രാജ്യങ്ങൾക്കുമിടയിലുള്ള വിമാനങ്ങൾ പ്രവർത്തിച്ചിരുന്നത്. പത്തു ദിവസത്തെ കാലാവധിയിൽ ഒമാൻ സന്ദര്ശിക്കുന്ന ഇന്ത്യക്കാർക്ക് പ്രവേശന വിസ ഇളവ് ചെയ്തതായി ഓമന അടുത്തിടെ പ്രഖ്യാപിച്ചിരുന്നു.

ഇന്ത്യയും ഒമാന് തമ്മിൽ ഭൂമിശാസ്ത്രപരവും ചരിത്രപരവും സാംസ്കാരികവുമായ ബന്ധങ്ങളാണുള്ളത് കൂടതെ സഹകരണാടിസ്ഥാത്തിൽ ഊഷ്മളമായ രീതിയിൽ മുന്നോട്ടു പോകുകയും ചെയ്യുന്നു.കോവിഡ് -19 പകർച്ചവ്യാധിയുടെ സമയത്ത് ഉന്നതതല കൈമാറ്റങ്ങൾ ഉൾപ്പെട്ടുകൊണ്ടുള്ള നയതന്ത്ര പങ്കാളിത്തം ഇരു രാജ്യങ്ങളും സൂക്ഷിച്ചിരുന്നു.2020 ഏപ്രിലിൽ ഒമാൻ സുൽത്താനായ സുൽത്താൻ ഹൈതം ബിൻ താരിക്കുമായി പ്രധാനമന്ത്രി നരേന്ദ്ര മോഡി ടെലിഫോൺ സംഭാഷണം നടത്തിയിരുന്നു കൂടാതെ 2020 ഡിസംബർ 2 ന് വിദേശകാര്യമന്ത്രി അദ്ദേഹവുമായി വിർചൽ കൂടിക്കാഴ്ചയും നടത്തിയിരുന്നു.ഇരു രാജ്യങ്ങളിലെയും വ്യാപാര വകുപ്പിൽ നിന്നുള്ള മന്ത്രിമാർ പങ്കെടുക്കുന്ന ഇന്ത്യ -ഒമാൻ ജോയിന്റ് കമ്മീഷൻ മീറ്റിംഗ് (JCM) 2020 ഒക്ടോബറിൽ നടന്നിരുന്നു.

**ന്യൂ ഡൽഹി**

**15 ഡിസംബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.